compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ

GOVERNMENT OF KERALA

# കേരള ഗസറ്റ്

# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

PUBLISHED BY AUTHORITY

ചൊവ്വ, 2025 ഡിസംബർ 09

**Tuesday, 09th December 2025**

1201 വൃശ്ചികം 23

**23rd Vrischikam 1201**

1947 അഗ്രഹായനം 18

**18th Agrahayana 1947**

വാല്യം 14

**Vol. XIV**

നമ്പർ / **No.** **49**

## Part III

## Forest and Wildlife Department

©

കേരള സർക്കാർ

GOVERNMENT OF KERALA

2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## കോതമംഗലം ഫോറസ്റ്റ് ഡിവിഷൻ

ലേല പരസ്യം

**KFDDO/68688/2025-DFOKGLM-L1** തീയതി: 01.12.2025

കോതമംഗലം ഡിവിഷനിലുൾപ്പെട്ട ചുവടെ പട്ടികയിൽ പരാമർശിച്ചിരിക്കുന്ന റെയ്ഞ്ചുകളിലെ വിവിധ കേസുകളിലുൾപ്പെട്ട തൊണ്ടി തടികൾ, കഴകൾ, വിറക്, ഉരുപ്പടികൾ കൂടാതെ ഡെയ്ഞ്ചർ പെറ്റീഷനുകളിൽ അനുവാദം വാങ്ങി മുറിച്ച തടികളും (സെയിൽ ഡിപ്പോയിലേയ്ക്ക് പോകാത്തവ), കാറ്റത്ത് വീണതും ഇ-ലേലം പ്രകാരം വിറ്റുപോകാത്തതുമായ കഴകൾ, ബില്ലറ്റ്, വിറക് മുതലായവ പട്ടികയിൽ കാണിച്ചിരിക്കുന്ന തീയതികളിൽ അതാത് റെയ്ഞ്ച് ഓഫീസുകളിൽ വച്ചോ, സെക്ഷൻ ആസ്ഥാനത്ത് വച്ചോ ബഹു. സംരക്ഷണ വിഭാഗം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 22/11/2013 ലെ പ്രൊ.(5)26274/12 നമ്പർ പ്രകാരം ആധികാരികമായി പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന വിശദമായ ദർഘാസ്/ലേല വ്യവസ്ഥകൾക്കും, അവയ്ക്ക് കാലാകാലങ്ങളിൽ ഉണ്ടാകുന്ന കൂട്ടിച്ചേർക്കലുകൾക്കും മാറ്റങ്ങൾക്കും തൊണ്ടി ലേല വ്യവസ്ഥകൾക്കും വിധേയമായി കോതമംഗലം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥനോ പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതാണ്. ലേല നടപടികൾ അതാത് ദിവസം രാവിലെ 11 മണിയ്ക്ക് ആരംഭിക്കുന്നതാണ്. ലേല ദിവസം ഒരു പൊതു അവധി പ്രഖ്യാപിക്കുന്നതായാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം നിശ്ചിത സ്ഥലത്തും സമയത്തും ലേലം നടക്കുന്നതായിരിക്കും.

കേസിൽ ഉൾപ്പെട്ട കയറ്റുമതി ഇനം തേക്ക്, ആഞ്ഞിലി തടികളും ലേലത്തിൽ ഉൾപ്പെടുന്നതായിരിക്കും. ലേലത്തിൽ പങ്കുകൊള്ളുവാൻ ഉദ്ദേശിക്കുന്നവർ ലേലം ആരംഭിക്കുന്നതിന് മുമ്പ് ലേലത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സാധനങ്ങളുടെ ഗുണ നിലവാരവും അളവുകളും കണ്ട് ബോദ്ധ്യപ്പെടേണ്ടതാണ്. ലേലത്തിന് ശേഷം ഇത് സംബന്ധിച്ച് യാതൊരു വിധ പരാതികളും പരിഗണിക്കുന്നതല്ല. ലേലത്തിൽ പങ്കു കൊള്ളുവാൻ ആഗ്രഹിക്കുന്നവർ തേക്ക് തടിയുടെ ലേലത്തിനാണെങ്കിൽ 20,000/- രൂപയും, മറ്റ് തടികളുടെ ലേലത്തിനാണെങ്കിൽ 10,000/- രൂപയും, മറ്റ് വനവിഭവങ്ങളുടെ കാര്യത്തിൽ 2,000/- രൂപയും നിരതദ്രവ്യമായി ലേലത്തിന് മുമ്പ് കെട്ടി വയ്ക്കേണ്ടതാണ്. കോടതി ഉത്തരവ് വാങ്ങി ലേലം ചെയ്യുന്ന തടികളുടേയും മറ്റ് വന വിഭവങ്ങളുടേയും മുഴുവൻ ലേല തുകയും ലേല ദിവസം തന്നെ കെട്ടി വയ്ക്കേണ്ടതാണ്. ലേലവ്യവസ്ഥകൾ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് അതാത് റെയ്ഞ്ച് ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## പട്ടിക

## ലേല തീയതി 2026

| ക്രമ നമ്പർ | റെയ്ഞ്ച് | ജനുവരി | ഫെബ്രുവരി | മാർച്ച് | ഏപ്രിൽ | മെയ് | ജൂൺ | ജൂലൈ | ആഗസ്റ്റ് | സെപ്റ്റംബർ | ഒക്ടോബർ | നവംബർ | ഡിസംബർ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | **കോതമംഗലം** | 7 ബുധൻ | 4 ബുധൻ | 4 ബുധൻ | 8 ബുധൻ | 6 ബുധൻ | 3 ബുധൻ | 1 ബുധൻ | 5 ബുധൻ | 2 ബുധൻ | 6 ചൊവ്വ | 4 ബുധൻ | 2 ബുധൻ |
| 2 | **മുള്ളരിങ്ങാട്** | 14 ബുധൻ | 11 ബുധൻ | 11 ബുധൻ | 21 ചൊവ്വ | 12 ചൊവ്വ | 10 ബുധൻ | 8 ബുധൻ | 11 ചൊവ്വ | 9 ബുധൻ | 8 വ്യാഴം | 11 ബുധൻ | 9 ബുധൻ |
| 3 | **കാളിയാർ** | 21 ബുധൻ | 18 ബുധൻ | 18 ബുധൻ | 23 വ്യാഴം | 14 വ്യാഴം | 17 ബുധൻ | 15 ബുധൻ | 18 ചൊവ്വ | 16 ബുധൻ | 14 ബുധൻ | 18 ബുധൻ | 16 ബുധൻ |
| 4 | **തൊടുപുഴ** | 28 ബുധൻ | 25 ബുധൻ | 25 ബുധൻ | 29 ബുധൻ | 20 ബുധൻ | 23 ചൊവ്വ | 22 ബുധൻ | 20 വ്യാഴം | 23 ബുധൻ | 28 ബുധൻ | 25 ബുധൻ | 23 ബുധൻ |

**ഫോൺ നമ്പർ**

കോതമംഗലം റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസ് - 0485-2824995 (8547601323)
മുള്ളരിങ്ങാട് റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസ് - 0485-2856954 (8547601313)
കാളിയാർ റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസ് - 0486-2247591 (8547601302)
തൊടുപുഴ റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസ് - 0486-2256966 (8547601273)

**കോതമംഗലം**

(*ഒപ്പ്*)
**ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ**
**(കേരള ഗവർണ്ണർക്ക് വേണ്ടി)**

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**KFDDO/69736/2025-DFOTSR/TA3** **തീയതി : 08.12.2025**

## തൃശൂർ ഡിവിഷൻ
## ലേല പരസ്യം

2026 വർഷത്തിൽ തൃശൂർ ഫോറസ്റ്റ് ഡിവിഷനിൽപ്പെട്ട മച്ചാട്, വടക്കാഞ്ചേരി, പട്ടിക്കാട് എന്നീ റെയ്ഞ്ചുകളിലെ വിൽപ്പന യോഗ്യമായിട്ടുള്ള തൊണ്ടിതടികൾ, വിറക്, മറ്റ് തൊണ്ടിവഹകൾ എന്നിവയും വിവിധ സ്ഥലങ്ങളിൽ അപകടാവസ്ഥയിൽ നിൽക്കുന്ന മരങ്ങളിൽ നിന്നും, കാറ്റത്ത് വീണ മരങ്ങളിൽ നിന്നും മുറിച്ചു ശേഖരിച്ചവയും, വിവിധ സ്ഥലങ്ങളിൽ അപകടാവസ്ഥയിൽ നിൽക്കുന്ന മരങ്ങൾ നിൽപ്പാവസ്ഥയിലും, അടിയന്തിര ഘട്ടങ്ങളിൽ തൊണ്ടിലേലത്തിൽ ഉൾപ്പെടുത്തി വിറ്റഴിയ്ക്കേണ്ടതായ മരങ്ങളും, മറ്റ് സാമഗ്രികളും അതാത് ഫോറസ്റ്റ് റെയ്ഞ്ച് ഓഫീസിൽ വച്ച് താഴെ പട്ടികയിൽ കൊടുത്തിരിയ്ക്കുന്ന തീയതികളിലും സമയത്തും തൃശൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ, അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതാണ്. നിർദ്ദിഷ്ട ദിവസം ഏതെങ്കിലും കാരണവശാൽ പൊതുഅവധി ആയി പ്രഖ്യാപിയ്ക്കുന്ന പക്ഷം അടുത്ത പ്രവൃത്തി ദിവസം നിശ്ചിത സമയത്തും സ്ഥലത്തും വച്ച് ലേലം നടത്തുന്നതാണ്. ലേല ദിവസം ലേലത്തിൽ വയ്ക്കാൻ യോഗ്യമായ വേറെയും തൊണ്ടിസാധനങ്ങൾ ലഭ്യമായാൽ അവയും ലേല ദിവസങ്ങളിൽ ലേലം ചെയ്ത് വിൽക്കുന്നതാണ്.

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിയ്ക്കുന്നവർ ലേലത്തിന് മുമ്പ് ലേലത്തിൽ വെച്ചിട്ടുള്ള സാധനങ്ങളുടെ ഗുണനിലവാരവും അളവുകളും മറ്റു വിശദവിവരങ്ങളും നേരിൽ കണ്ട് ബോധ്യപ്പെട്ടിരിയ്ക്കേണ്ടതാണ്. ലേലത്തിനുശേഷം ഈ വക കാര്യങ്ങളെ കുറിച്ചുള്ള യാതൊരു പരാതിയും പരിഗണിയ്ക്കുന്നതല്ല. ഓരോ ലേലത്തിലും വിൽക്കാനുദ്ദേശിയ്ക്കുന്ന തടികൾ മറ്റ് വനവിഭവങ്ങൾ മുതലായവയെപ്പറ്റിയുള്ള വിശദവിവരങ്ങൾ അതാത് റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസിൽ നിന്നും ലേലത്തിന് മുമ്പ് അറിയാവുന്നതാണ്. മുൻ ലേലത്തിൽ സ്ഥിരപ്പെടുത്താത്ത ഏതെങ്കിലും ലോട്ടുകൾ ഉണ്ടെങ്കിൽ അവയും ലേലത്തിൽ ഉൾപ്പെടുത്തുന്നതാണ്.

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം) 02.12.2009 -ൽ പ്രൊ5 - 6835/2009 നമ്പരായിട്ടുള്ള നമ്പർ 50 കേരള ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ലേല നിബന്ധനകളും കാലാകാലങ്ങളിൽ വനംവകുപ്പിൽ നിലവിലുള്ള മറ്റ് വ്യവസ്ഥകളും ഈ ലേലത്തിന് ബാധകമായിരിയ്ക്കും. കോടതി ഉത്തരവ് പ്രകാരം വിൽപ്പനയ്ക്ക് വെച്ചിട്ടുള്ള തൊണ്ടിതടികളുടെ മുഴുവൻ തുകയും വിജയിയായ ലേലക്കാരൻ ലേല ദിവസം കെട്ടിവെയ്ക്കേണ്ടതാണ്. ലേലത്തിൽ പങ്കെടുക്കുന്നവർ ഈട്ടി, തേക്ക് എന്നിവ ലേലം ചെയ്യുന്നതിന് 50,000/- (അൻപതിനായിരം രൂപ മാത്രം) രൂപയും മറ്റു തടി/ വനവിഭവങ്ങൾക്ക് 20,000/- (ഇരുപതിനായിരം രൂപ മാത്രം) രൂപയും നിരതദ്രവ്യമായി കെട്ടിവെയ്ക്കേണ്ടതാണ്. റെയ്ഞ്ചിന്റെ പേരും ലേലം തീയതികളും താഴെ പട്ടികയിൽ ചേർക്കുന്നു.

| മാസം | പട്ടിക്കാട് റെയ്ഞ്ച് രാവിലെ 11 മണി | മച്ചാട് റെയ്ഞ്ച് രാവിലെ 11 മണി | വടക്കാഞ്ചേരി റെയ്ഞ്ച് ഉച്ചയ്ക്ക് 3 മണി |
|---|---|---|---|
| ജനുവരി | 08.01.2026 | 21.01.2026 | 21.01.2026 |
| ഫെബ്രുവരി | 12.02.2026 | 24.02.2026 | 24.02.2026 |
| മാർച്ച് | 05.03.2026 | 25.03.2026 | 25.03.2026 |
| ഏപ്രിൽ | 08.04.2026 | 22.04.2026 | 22.04.2026 |
| മെയ് | 07.05.2026 | 21.05.2026 | 21.05.2026 |
| ജൂൺ | 10.06.2026 | 24.06.2026 | 24.06.2026 |
| ജൂലായ് | 09.07.2026 | 23.07.2026 | 23.07.2026 |
| ആഗസ്റ്റ് | 05.08.2026 | 20.08.2026 | 20.08.2026 |
| സെപ്റ്റംബർ | 03.09.2026 | 23.09.2026 | 23.09.2026 |
| ഒക്ടോബർ | 08.10.2026 | 22.10.2026 | 22.10.2026 |
| നവംബർ | 05.11.2026 | 19.11.2026 | 19..11.2026 |
| ഡിസംബർ | 03.12.2026 | 23.12.2026 | 23.12.2026 |

കൂടുതൽ വിവരങ്ങൾ പട്ടിക്കാട്/ മച്ചാട്/ വടക്കാഞ്ചേരി റെയ്ഞ്ചുകളിൽ നിന്നും ലഭിയ്ക്കുന്നതാണ്.

ഒപ്പ്/-

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്,
അയ്യന്തോൾ, തൃശൂർ

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, തൃശൂർ
(കേരള ഗവർണർക്കു വേണ്ടി)

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.12.08 04:24:07 +05:30